**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1486** **19-09-2025 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കുന്ന പാഠ്യപദ്ധതിയും മൂല്യനിർണ്ണയ സംവിധാനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കുന്ന പാഠ്യപദ്ധതിയിലും മൂല്യനിർണ്ണയ സംവിധാനത്തിലും മാറ്റം കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (എ) | സംസ്ഥാനത്ത് പ്രീപ്രൈമറി മുതൽ ഹയർസെക്കൻഡറി വരെയുള്ള പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ പൂർത്തീകരണത്തിലേക്ക് നീങ്ങുകയാണ്. 1 മുതൽ 10 വരെയുള്ള ക്ലാസുകളിലെ പാഠപുസ്തകങ്ങൾ എല്ലാം പരിഷ്കരിച്ചുകഴിഞ്ഞു. കൂടാതെ, രക്ഷിതാക്കൾക്കായുള്ള പുസ്തകം, ടീച്ചർ ടെക്സ്റ്റ്, കലാവിദ്യാഭ്യാസത്തിനായി പ്രത്യേകം പുസ്തകങ്ങൾ, 1,2 ക്ലാസുകളിൽ അടിസ്ഥാനശേഷി ഉറപ്പിക്കുന്നതിനായി പ്രത്യേകം പ്രവർത്തന പുസ്തകങ്ങൾ, 5-ാ ക്ലാസ് മുതൽ 10-ാ ക്ലാസ് വരെ തൊഴിൽ ഉദ്ഗ്രഥിത പാഠപുസ്തകങ്ങൾ, 1-ാ ക്ലാസ് മുതൽ 10-ാ ക്ലാസ് വരെ ഐ.ടി. വിദ്യാഭ്യാസം എന്നിവയെല്ലാം പുതിയ പാഠപുസ്തക പരിഷ്കരണ പ്രവർത്തനത്തിന്റെ ഭാഗമായി പൂർത്തികരിച്ചിട്ടുണ്ട്. പാഠ്യപദ്ധതിയുടെ അവിഭാജ്യഘടകമാണ് മൂല്യനിർണ്ണയ രീതിശാസ്ത്രം. പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ സമഗ്രമായി പരിഷ്കരിക്കുന്നതിന്ന് തീരുമാനിച്ചിട്ടുണ്ട്. ഈ വർഷം 5, 6, 7, 8, 9 ക്ലാസുകളിലും അടുത്ത വർഷം പത്താം ക്ലാസ്സിലും എഴുത്ത് പരീക്ഷയിൽ മിനിമം മാർക്ക് ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, കുട്ടികളുടെ സമഗ്രമായ ശേഷികളെ പരിഗണിച്ചുകൊണ്ടുള്ള ചോദ്യപേപ്പറുകളുടെ പരിഷ്കരണവും നടപ്പിലാക്കി വരുന്നു. |
| (ബി) | പൊതുവിദ്യാഭ്യാസ മേഖലയിൽ പിന്തുടരുന്ന നിരന്തര മൂല്യ നിർണ്ണയ സമ്പ്രദായം കൂടുതൽ ശാസ്ത്രീയവും വസ്തുനിഷ്ഠവുമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | നിരന്തര മൂല്യനിർണ്ണയം മൂല്യനിർണ്ണയപ്രക്രിയയുടെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണ്. നിലവിൽ സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ 20% മാർക്ക് നിരന്തര മൂല്യനിർണ്ണയപ്രക്രിയയുടെ ഭാഗമായാണ് നൽകി വരുന്നത്. ഇത് കൂടുതൽ കാര്യക്ഷമവും ശാസ്ത്രീയവുമാക്കുന്നതിന് മാർഗ്ഗരേഖകൾ എസ്.സി.ഇ.ആർ.ടി.യുടെ നേതൃത്വത്തിൽ |

| | | | |
|---|---|---|---|
| | | | പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ, ഈ കാര്യത്തിൽ അധ്യാപകർക്ക് പ്രത്യേക പരിശീലനവും നൽകുന്നുണ്ട്. |
| (സി) | പഠന ബോധന പ്രവർത്തനങ്ങൾ വിദ്യാർത്ഥി കേന്ദ്രീകൃതമാക്കേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് പരീക്ഷ സമ്പ്രദായത്തിൽ എന്തെല്ലാം മാറ്റങ്ങൾ കൊണ്ടുവരുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | സംസ്ഥാനത്തെ സ്കൂൾ വിദ്യാഭ്യാസം ശിശുകേന്ദ്രീകൃതവും ആക്ടിവിറ്റി അടിസ്ഥാനപ്പെടുത്തിയുമാണ് തയ്യാറാക്കിയിരിക്കുന്നത്. അതിനാൽതന്നെ പരമ്പരാഗത മൂല്യനിർണ്ണയ രീതികളെ പരിഷ്കരിക്കേണ്ടത് അനിവാര്യമാണ്. നിലവിൽ പരിഷ്കരിച്ച ചോദ്യപേപ്പറുകൾ ശിശുകേന്ദ്രീകൃതവും കൂടുതൽ പ്രവർത്തനാധിഷ്ഠിതവുമാണ്. കുട്ടികളുടെ താല്പര്യങ്ങൾക്ക് മുൻഗണന നൽകി ഓൺലൈൻ ചോദ്യബാങ്കുകൾ, ഓപ്പൺബുക്ക് പരീക്ഷ എന്നിവയും നടപ്പിലാക്കുന്നത് പരിഗണനയിലാണ്. |
| (ഡി) | പൊതു പരീക്ഷകളുടെ ചോദ്യപ്പേപ്പറുകൾ വിലയിരുത്തുന്നതിൽ വിദ്യാർത്ഥികൾക്ക് കൂടുതൽ അവസരം ലഭിക്കുന്ന വിധത്തിൽ മൂല്യനിർണ്ണയം കൂടുതൽ ശാസ്ത്രീയവും വിദ്യാർത്ഥി കേന്ദ്രീകൃതവുമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ, വ്യക്തമാക്കാമോ; | (ഡി) | പൊതു പരീക്ഷയുടെ ചോദ്യപേപ്പറുകൾ കൂടുതൽ സമഗ്രമാക്കുന്നതിനും വിദ്യാർത്ഥി സൗഹൃദമാക്കുന്നതിനും വേണ്ടിയുള്ള പദ്ധതികൾ എസ്.സി.ഇ.ആർ.ടി-യുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്നുണ്ട്.<br><br>LEAP-Learner's Evaluation of Assessment Procedure എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഇത് പൊതുപരീക്ഷകളുടെ ചോദ്യപേപ്പറുകൾ കുട്ടികൾ തന്നെ വിലയിരുത്തി ഫീഡ്ബാക്ക് നൽകുന്ന സംവിധാനമാണ്. കൂടാതെ, ഗവേഷണ പദ്ധതികളും ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. |
| (ഇ) | പൊതുവിദ്യാഭ്യാസ രംഗത്തെ അക്കാദമിക നിലവാരം അന്താരാഷ്ട്ര തലത്തിലേക്ക് ഉയർത്തുന്നതോടൊപ്പം മാതൃഭാഷയായ മലയാളം ഉൾപ്പെടെയുള്ള ഭാഷകളിലെ പരിജ്ഞാനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ? | (ഇ) | മാതൃഭാഷയായ മലയാളം ഉൾപ്പെടെയുള്ള ഭാഷകളിലെ പരിജ്ഞാനം മെച്ചപ്പെടുത്തുന്നതിന് സമഗ്ര ശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

**മലയാളത്തിളക്കം**

പ്രൈമറിതലത്തിലും സെക്കന്ററി തലത്തിലും അംഗീകാരം ലഭിച്ച പഠനപോഷണപരിപാടിയാണ് മലയാളത്തിളക്കം പദ്ധതി. കുട്ടികളും രക്ഷകർത്താക്കളും അധ്യാപകസമൂഹവും പൂർണ്ണമായി ഏറ്റെടുത്ത ഈ പാക്കേജിലൂടെ ഭാഷാപരമായ പ്രശ്നങ്ങൾ ഒരളവ് വരെ പരിഹരിക്കാൻ കഴിഞ്ഞു. ഭാഷാപരമായ പ്രശ്നങ്ങളിൽ വേണ്ടത്ര ഊന്നൽ നൽകുന്നതിനുതകുന്ന പാക്കേജാണ് നടപ്പിലാക്കി വരുന്നത്. സാമൂഹിക അംഗീകാരം ലഭിക്കുന്ന തരത്തിൽ ഭാഷയുടെ വ്യവഹാരരൂപങ്ങളിലൂടെ കുട്ടികളെ സർഗ്ഗാത്മക വായനയിലും എഴുത്തിലും രചനയിലും പ്രാവീണ്യമുള്ള വരാക്കി മാറ്റുകയെന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്.

**ഹലോ ഇംഗ്ലീഷ്**

പഠിതാക്കളുടെ ഇംഗ്ലീഷ് ഭാഷയിലെ ആശയ വിനിമയശേഷി വികസിപ്പിക്കുന്നതിന് വിഭാവനം ചെയ്ത പരിപാടിയാണ് ഹലോ ഇംഗ്ലീഷ് ഹലോ വേൾഡ്. ഇംഗ്ലീഷ് ഭാഷാ പഠനം രസകരവും ആസ്വാദ്യകരവുമാക്കുന്നതിന് വിദ്യാർത്ഥികളുടെ ആശയവിനിമയ ശേഷി ഉറപ്പാക്കാൻ ഡിജിറ്റൽ ആക്ടിവിറ്റി കാർഡുകൾ രൂപകല്പന ചെയ്തിട്ടുണ്ട്.

**സുരീലി ഹിന്ദി**

ഹിന്ദി പഠനം ആസ്വാദ്യകരവും ആകർഷകവുമാക്കുക എന്ന ലക്ഷ്യത്തോടെ പ്രൈമറി തലത്തിൽ ആരംഭിച്ച സുരീലി ഹിന്ദി പാക്കേജിന് അധ്യാപകരിലും രക്ഷകർത്താക്കളിലും കട്ടികളിലും പൊതുസമൂഹത്തിലും വൻ സ്വീകാര്യത ലഭിച്ചു. ഭാഷാപരമായ വ്യവഹാരങ്ങളുടെ സ്വാഭാവിക വികാസം ലക്ഷ്യമാക്കി 5, 6, 7 ക്ലാസ്സുകളെ പ്രാപ്തരാക്കുന്നതിനായാണ് ആദ്യഘട്ടത്തിൽ പദ്ധതി നടപ്പിലാക്കിയത്. 2020-21-ൽ സെക്കൻഡറി തലത്തിൽ നടത്തിയ പ്രവർത്തനം 2022-ൽ ഹയർ സെക്കൻഡറി തലത്തിലേക്കും വ്യാപിപ്പിച്ചു. നല്ല സ്വീകാര്യതയാണ് സുരീലി ഹിന്ദി ഡിജിറ്റൽ മൊഡ്യൂളുകൾക്ക് ലഭിച്ചത്.

**പ്യാരി ഉറുദു**

നിലവിൽ കേരളത്തിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പ്രൈമറി തലം മുതൽ സെക്കറിതലം വരെ ഒന്നാം ഭാഷയായി ഉറുദു തെരഞ്ഞെടുക്കാൻ വ്യവസ്ഥയുണ്ട്. പ്രൈമറി തലത്തിൽ 5 മുതൽ 7 വരെ വിദ്യാർത്ഥികൾക്കിടയിൽ ഉറുദു ഭാഷ പഠനം ശക്തിപ്പെടുത്തുന്നതിനാണ് പ്യാരി ഉറുദു എന്ന മൊഡ്യൂൾ വികസിപ്പിച്ചിരിക്കുന്നത്.

**അഹ് ലൻ അറബി**

അറബിക് ഭാഷാ പഠനം കളികളിലൂടെയും ഡിജിറ്റൽ മെറ്റീരിയലുകളുടെയും സഹായ ത്താടെ രസകരമാക്കി മാറ്റി കുട്ടികൾക്ക് അറബി ഭാഷാപഠനം ആനന്ദകരമാക്കി മാറ്റാൻ ഈ പദ്ധതി ഏറെ സഹായകരമാകുന്നു.

**സംസ്കൃത മാധുരി**

സംസ്കൃതപഠനം സുഗമവും രസകരവും ആക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതിയാണിത്.

**മഴവിൽപൂവ്**

ഗോത്ര വിഭാഗത്തിലെ ഒന്നാം ക്ലാസുകൾക്കായി സമഗ്ര ശിക്ഷാ കേരളം 12 ഗോത്ര ഭാഷകളിലായി മഴവിൽപൂവ് എന്ന പേരിൽ വീഡിയോ ക്ലാസുകൾ തയ്യാറാക്കുകയും എസ്.എസ്.കെ-യുടെ യു-ട്യൂബ് ചാനലായ വൈറ്റ്ബോർഡ് - എസ്.എസ്.കെ വഴി പ്രസ്തുത കുട്ടികളിൽ എത്തിക്കുകയും ചെയ്തു.

**വായനാവസന്തം**

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളൽ 1 മുതൽ 4-ാം ക്ലാസുവരെയുള്ള ഓരോ കുട്ടിയുടെയും വീട്ടിൽ വായനാ വസന്തം പദ്ധതിയുടെ ഭാഗമായി സമഗ്ര ശിക്ഷാ കേരള ത്തിന്റെ നേതൃത്വത്തിൽ 3 പുസ്തകങ്ങൾ തയ്യാറാക്കി പ്രിന്റ് ചെയ്ത് എത്തിച്ചു നൽകി. മാതൃഭാഷയിലുള്ള (മലയാളം, തമിഴ്, കന്നട) രണ്ടു പുസ്തകങ്ങളും ഒരു ഇംഗ്ലീഷ് പുസ്ത കവുമാണ് ഇത്തരത്തിൽ നൽകിയത്. 12 ലക്ഷത്തോളം കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.

**കുഞ്ഞുവായന**

ഒന്ന്, രണ്ട് ക്ലാസുകളിൽ കുട്ടികളുടെ വായന മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനമാണിത്. കുട്ടികൾക്ക് അവരുടെ നിലവാരത്തിനനുസരിച്ച് വായനക്കാർഡുകൾ തയ്യാറാക്കി നൽകുകയും ക്ലാസ് മുറികളിൽ ഇത് പ്രയോജനപ്പെടുത്തി അധ്യാപികയുടെ സഹായത്തോടെ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. പിന്നീട് വീടുകളിൽ കുട്ടികൾക്ക് തുടർവായനക്ക് അവസരമൊരുക്കുന്നു.

**വായനച്ചങ്ങാത്തം**
**(വായനയും സർഗാത്മകതയും പരിപോഷിപ്പിക്കുന്നതിനുള്ള പരിപാടി)**

എലിമെന്ററി ക്ലാസുകളിലെ കുട്ടികളുടെ വായനാശീലവും, സർഗ്ഗാത്മക രചനയും പ്രോത്സാഹിപ്പിക്കുന്നതിനായി സമഗ്ര ശിക്ഷാ കേരളം മുൻവർഷങ്ങളിൽ നടപ്പിലാക്കിയ പരിപാടിയാണ് വായനച്ചങ്ങാത്തം. ഒരു പഠിതാവിലേയ്ക്ക് പുതിയ വാക്കുകളും, ആശയങ്ങളും, മൂല്യങ്ങളും അവതരിപ്പിക്കുന്നതിനുള്ള മികച്ച മാർഗ്ഗമായ കഥകൾ, കവിതകൾ എന്നിവ വായിക്കുന്നതിനാണ് ഇതിലൂടെ അവസരമൊരുക്കുന്നത്.

കുട്ടികൾക്ക് പുസ്തകങ്ങൾ പരിചയപ്പെടുത്തിക്കൊടുക്കുന്നതിലും വായനയെ പ്രോത്സാഹിപ്പിക്കുന്നതിലും രക്ഷിതാക്കൾക്ക് അത്യധികമായ പങ്കുണ്ട്. മോഡറേറ്ററായി പ്രവർത്തിക്കുന്ന അധ്യാപകൻ വായനച്ചങ്ങാത്തത്തിന്റെ വിപുലീകരണ പ്രവർത്തനമെന്ന നിലയിൽ സമൂഹത്തെ ഉൾപ്പെടുത്തി മുഴുവൻ സർഗ്ഗാത്മക രചനോത്സവങ്ങളും

പുസ്തക പ്രസിദ്ധീകരണ ചടങ്ങുകളും സംഘടിപ്പിക്കും. ഇതിന്റെ ഭാഗമായി എല്ലാ സ്കൂളുകളിലും, ക്ലാസ്മുറികളിലും, വീടുകളിലും ലൈബ്രറികൾ സജ്ജീകരിക്കുകയും അതുവഴി കുട്ടികളുടെ വായനാശീലം ശക്തിപ്പെടുത്തുകയും ചെയ്യുന്നതിൽ വായനച്ചങ്ങാത്തം ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

**<u>ബഡ്ഡിംഗ് റൈറ്റേഴ്സ്</u>**

കുട്ടികളിൽ വായനാശീലവും സാഹിത്യാഭിരുചിയും സർഗ്ഗാത്മക രചനയും പ്രോത്സാഹിപ്പിക്കുന്നതിനായി 2022-23 അക്കാദമിക വർഷം ആരംഭിച്ച പരിപാടി. 2022-23 അക്കാദമിക വർഷം തിരുവനന്തപുരം, ഇടുക്കി, വയനാട് എന്നീ ജില്ലകളിൽ പൈലറ്റ് പദ്ധതിയായി നടപ്പിലാക്കി. 2023-24 വർഷം മറ്റ് ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കി. ഈ വർഷത്തെ പ്രവർത്തനങ്ങൾ തുടർന്നു കൊണ്ടിരിക്കുന്നു. 5 മുതൽ 12 വരെ ക്ലാസുകളിലെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലെ കുട്ടികളാണ് ഗുണഭോക്താക്കൾ. ഈ അക്കാദമിക വർഷം വിദ്യാലയതല , ബ്ലോക്ക്തല, ജില്ലാതല ശില്പശാലകൾ സംഘടിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**<u>പഠിപ്പുറസ്സി</u>**

കേരളത്തിലെ ആദിവാസി ഗ്രാമപഞ്ചായത്തിലെ 'ഇടമലക്കുടി' കേന്ദ്രീകരിച്ചു നടത്തിയ പ്രവർത്തനമാണ് പഠിപ്പുറസ്സി. ഈ പദ്ധതിയുടെ ഭാഗമായി കുട്ടികൾ സ്വതന്ത്രമായി എഴുതാനും, വായിക്കാനും ആരംഭിച്ചു. ഈ പദ്ധതി കാസർഗോഡ്, പാലക്കാട്, വയനാട്, മലപ്പുറം എന്നീ ജില്ലകളിലെ ഗോത്രവിഭാഗങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.